**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.261 13/03/2020 ൽ മറുപടിയ്ക്ക്**

**<u>അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സി.ബി.എസ്.ഇ. അംഗീകാരമില്ലാത്ത സ്കൂളിൽ പഠിച്ചതിന്റെ പേരിൽ ഇരുപത്തൊമ്പത് വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതാനായില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കൊച്ചി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂളിൽ സി.ബി.എസ്.ഇ സിലബസ്സിൽ പഠിച്ചിരുന്ന 29 വിദ്യാർത്ഥികൾ ക്കാണ് 2020-ലെ പത്താം ക്ലാസ് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ടായത്. സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി ലഭിക്കുകയോ സി.ബി.എസ്. അഫിലിയേഷൻ നേടുകയോ ചെയ്തിട്ടില്ലാത്ത സ്കൂളാണിത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ അഫിലിയേഷനു വേണ്ടിയുള്ള എൻ.ഒ.സി/അംഗീകാരം നൽകുന്നതിനായി ജി.ഒ.(എം.എസ്) നം.22/2019/പൊ.വി.വ തീയതി 01.03.2019 പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂൾ സർക്കാരിന്റെ എൻ.ഒ.സി/അംഗീകാരത്തിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. |
| (ബി) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സിലബസ് പ്രകാരം അധ്യാപനം നടത്തുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ സിലബസ് പ്രകാരം അധ്യാപനം നടത്തുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന എൻ.ഒ.സിയും അംഗീകാരവും ആവശ്യമാണ്. 01.03.2019 ലെ ജി.ഒ.(എം.എസ്) നം.22/2019/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾക്ക് ആയത് പരിശോധിച്ച് എൻ.ഒ.സി/അംഗീകാരം നൽകി വരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 31.05.2020 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ ക്ലാസ്സുകളിലേക്കുള്ള പഠന സിലബസാണ് സി.ബി.എസ്.ഇ. നേരിട്ട് നിശ്ചയിച്ച് നല്കി അഫിലിയേറ്റഡ് സ്കൂളുകളിൽ പഠിപ്പിക്കുന്നത് എന്നറിയിക്കുമോ; | (സി) | 9-ാം ക്ലാസ്സ് മുതലാണ് സി.ബി.എസ്.ഇ അഫിലിയേഷന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നത്. 9, 10, 11, 12 ക്ലാസുകളിലെ സിലബസ്സാണ് സി.ബി.എസ്.ഇ നേരിട്ട് നിശ്ചയിച്ച നൽകുന്നത്. |
| (ഡി) | സി.ബി.എസ്.ഇ. സിലബസ് പിന്തുടരുന്ന സ്കൂളുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉള്ളതെന്നറിയിക്കുമോ; | (ഡി) | സംസ്ഥാന സർക്കാർ നൽകിവരുന്ന എൻ.ഒ.സി യുടെ അടിസ്ഥാനത്തിലാണ് അൺ എയ്ഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ അഫിലിയേഷൻ ലഭിക്കുന്നത്. എന്നാൽ ആർ.റ്റി.ഇ ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരം കൂടി ആവശ്യമായതിനാൽ സർക്കാർ നൽകുന്ന എൻ.ഒ.സി യിൽ തന്നെ അംഗീകാരവും കൂടി നൽകി വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ അംഗീകാരത്തിനുള്ള എൻ.ഒ.സി.യോ അംഗീകാരമോ നൽകുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേഷനുള്ള എൻ.ഒ.സി യ്ക്കു വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിന് 01.03.2019 ലെ ജി.ഒ.(എം.എസ്) നം.22/2019/പൊ.വി.വ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഓരോ സ്കൂളധികൃതരും എൻ.ഒ.സിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കൂളും രേഖകളും സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏതു സമയത്തും പരിശോധിക്കാവുന്നതാണ് എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള സ്കൂളുകളിന്മേൽ സംസ്ഥാന സർക്കാരിന് എന്തൊക്കെ നിയന്ത്രണങ്ങൾ വരുത്താമെന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സി.ബി.എസ്.ഇ. സ്കൂളുകളിൽ വിശേഷിച്ചും എട്ടാം ക്ലാസ്സ് വരെ കൃത്യമായ സിലബസും നിയതമായ പാഠപുസ്തകങ്ങളും ഇല്ലാത്തതിനാൽ സ്കൂൾ മാനേജ്മെന്റുകൾക്ക് താല്പര്യമുള്ള സിലബസും പാഠപുസ്തകങ്ങളും വിദ്യാർത്ഥികളിൽ അടിച്ചേല്പിക്കുന്ന രീതിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാകുമെന്നറിയിക്കുമോ? | (ഇ) | സി.ബി.എസ്.ഇ. സ്കൂളുകളിലെ സിലബസ് സംബന്ധിച്ച് സർക്കാരിന് ഇടപ്പെടാൻ സാധിക്കുമോയെന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്, |

സെക്ഷൻ ഓഫീസർ